ഭൂവികസന പ്രവർത്തനങ്ങളുടെ ഭാഗമായി നടപ്പിലാക്കാവുന്നതാണ്. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മത്സ്യത്തൊഴിലാളികൾക്കായി നടപ്പാക്കുന്ന ഭവന പദ്ധതികൾക്കുവേണ്ടിയുള്ള ഭൂവികസന പ്രവർത്തനങ്ങളും തൊഴിലുറപ്പ് പദ്ധതിയിൽ അനുമതി നൽകുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലാണ്.

(7) ബേക്കലിൽ എയർസ്ട്രിപ്പ്

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, കേരളത്തിന്റെ അഭിമാനമായ ചരിത്ര പൈതൃകമായ ബേക്കൽ കോട്ടയെ അടിസ്ഥാനമാക്കി ടൂറിസം വികസന പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിൽ എത്തിനിൽക്കുകയാണ്. 6 റിസോർട്ട് സൈറ്റുകളിൽ സ്വകാര്യ സംരംഭകരുമായി സഹകരിച്ച് റിസോർട്ട് നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാകുകയാണ്. ഇതിൽ ലളിത് ഹോട്ടൽസ് ഡിസംബറിൽ ഉദ്ഘാടനം ചെയ്യപ്പെടുകയും ചെയ്തു. സംരംഭകരെല്ലാം ശക്തമായി ആവശ്യപ്പെടുന്ന കാര്യമാണ് ബേക്കലിന് പ്രയോജനപ്പെടുന്ന ഒരു എയർസ്ട്രിപ്പ് വേണമെന്നുള്ളത്. ബേക്കലിന്റെ ടൂറിസം വികസന മാസ്റ്റർ പ്ലാനിൽ ഇതിന്റെ പ്രാധാന്യം ഊന്നിപ്പറയുകയും ചെയ്തിരുന്നു. പുല്ലൂർ-പെരിയ ഗ്രാമപഞ്ചായത്തിലെ കരിങ്കുണ്ട് എന്ന സ്ഥലത്ത് എയർസ്ട്രിപ്പിന് ആവശ്യമായ, സൗകര്യപ്രദമായ സ്ഥലം ലഭ്യമാണ്. ആകെ 80 ഏക്കർ ഭൂമിയാണ് എയർസ്ട്രിപ്പിന് ആവശ്യമായിട്ടുള്ളത്. ഇവിടെ 70 ഏക്കർ റവന്യൂ ഭൂമിയുണ്ട്. പട്ടയം നൽകിയിട്ടുണ്ടെങ്കിലും ആളുകൾ ഇനിയും പ്രയോജനപ്പെടുത്തിയിട്ടില്ലാത്ത 10 ഏക്കർ സ്ഥലം എളുപ്പത്തിൽ അക്വയർ ചെയ്ത് എടുക്കാൻ സാധിക്കും. ആവശ്യമായ 80 ഏക്കർ സ്ഥലം ലഭ്യമാക്കാൻ ആവശ്യമായിട്ടുള്ള നടപടികളെല്ലാം മുന്നോട്ട് പോകുകയും ചെയ്യുന്നുണ്ട്. അനുകൂലമായ എല്ലാ സാധ്യതകളും ഉണ്ട് എന്നുള്ളതുകൊണ്ടും ബേക്കൽ ടൂറിസം വികസനത്തിന് ഒരു എയർസ്ട്രിപ്പ് അത്യാവശ്യമാണെന്നുള്ളതുകൊണ്ടും എയർസ്ട്രിപ്പ് നിർമ്മിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാകൃഷ്ണൻ): സർ, ബേക്കൽ കടലോരം കേന്ദ്രീകരിച്ചു കൊണ്ട് അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു വിനോദസഞ്ചാര കേന്ദ്രമായി വികസിപ്പിക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുമാണ് ബി.ആർ.ഡി.സി.-യിലൂടെ സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിന്റെ ഭാഗമായി ബേക്കലിൽ 201 ഏക്കർ സ്ഥലം അക്വയർ ചെയ്ത് അന്താരാഷ്ട്ര നിലവാരത്തിലുള്ള ആറ് റിസോർട്ട് ഗ്രൂപ്പുകൾക്ക് കൈമാറുകയും, ഇവിടെ റിസോർട്ടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുകയുമാണ്. റിസോർട്ട് സൈറ്റ് നമ്പർ 6-ലെ ഭാരത് ഹോട്ടൽസ് പ്രൈവറ്റ് ലിമിറ്റഡ് ഹോട്ടലായ ലളിത് റിസോർട്ട് സ്പാ-യുടെ പ്രവർത്തനം ആരംഭിച്ചു

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞു. റിസോർട്ട് സൈറ്റ് നമ്പർ 4-ലെ ഖന്നാ ഹോട്ടൽസ് ലിമിറ്റഡ്, മുംബൈ നിർമ്മിക്കുന്ന റിസോർട്ടിന്റെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. ബേക്കലിന് സമീപ പ്രദേശങ്ങളായ കാഞ്ഞങ്ങാട്, റാണിപുരം, വലിയ പറമ്പ്, നീലേശ്വരം എന്നിവിടങ്ങളിൽ സ്വകാര്യ സംരംഭകരുടെ മറ്റനവധി റിസോർട്ടുകളുടേയും നിർമ്മാണം പുരോഗമിച്ചുവരികയാണ്. അവിടെ കെ.റ്റി.ഡി.സി.യും ഒരു ഹോട്ടൽ നിർമ്മിക്കാൻ തീരുമാനിച്ചുണ്ട്. ഈ മാസംതന്നെ ആ ഹോട്ടലിന്റെ പ്രവർത്തനത്തിന് തറക്കല്ല് ഇടണം എന്നാണ് ഉദ്ദേശിക്കുന്നത്. ബേക്കലിൽ ഉയർന്നുവരുന്ന റിസോർട്ടുകളിൽ ആയിരത്തിലധികം വിനോദസഞ്ചാരികളെ ദിവസേന താമസിപ്പിക്കുവാൻ കഴിയുന്ന സൗകര്യം ഉണ്ടാകും. ടൂറിസ്റ്റുകൾക്ക് നേരിട്ട് ബേക്കലിൽ എത്തുന്നതിന് നിലവിൽ മംഗലാപുരം എയർപോർട്ടിൽ എത്തിച്ചേർന്നതിനുശേഷം റിസോർട്ട് ഉടമകളുടെ ഹെലികോപ്റ്ററുകളിലാണ് ബേക്കലിൽ എത്തിച്ചേരുവാനുള്ള സൗകര്യം ഇപ്പോൾ ഉള്ളത്. വളരെ കുറച്ച് ടൂറിസ്റ്റുകൾക്കു മാത്രമേ ഇത് പ്രയോജനപ്പെടുകയുള്ളൂ. അതുകൊണ്ടാണ് 50 പേർക്ക് യാത്രചെയ്യാൻ കഴിയുന്ന തരത്തിലുള്ള ചെറുവിമാനങ്ങൾ ഇറക്കുന്നതിന് ഒരു എയർസ്ട്രിപ്പ് ബേക്കലിൽ നിർമ്മിക്കണം എന്ന് സർക്കാർ ഉദ്ദേശിക്കുന്നത്. ഇതിനായി കാസർഗോഡ് ജില്ലയിലെ വിവിധ സ്ഥലങ്ങൾ പരിശോധിക്കുകയുണ്ടായി. പെരിയ വില്ലേജിലെ കരിയങ്കുണ്ടിലെ സ്ഥലം അനുയോജ്യമാണെന്ന് കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ടിലെ വിദഗ്ദ്ധ സംഘം കണ്ടെത്തിക്കഴിഞ്ഞിരിക്കുകയാണ്. ഇതിനായി രാജീവ്ഗാന്ധി അക്കാഡമി ഫോർ ഏവിയേഷൻ ടെക്നോളജിയുടെ സഹകരണവും പ്രതീക്ഷിക്കുന്നുണ്ട്. എയർസ്ട്രിപ്പ് ആരംഭിക്കുന്നതിനെ സംബന്ധിച്ച് 25-5-2010-ൽ സർക്കാർ തലത്തിൽ ബന്ധപ്പെട്ടവരുടെ ഒരു യോഗം വിളിച്ചുകൂട്ടുകയുണ്ടായി. ബി.ആർ.ഡി.സി.യേയും പ്രമുഖ റിസോർട്ട് ഗ്രൂപ്പുകളേയും ചേർത്ത് ഒരു കമ്പനി രൂപീകരിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. എയർസ്ട്രിപ്പിന്റെ നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. പ്രസ്തുത സ്ഥലത്തിന്റെ സർവ്വേ ജോലികൾ റവന്യൂ വകുപ്പ് പൂർത്തിയാക്കിക്കഴിഞ്ഞു. സ്ഥലമെടുപ്പ് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് കാസർഗോഡ് ജില്ലാകളക്ടറിൽനിന്നും നൽകുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ആ റിപ്പോർട്ട് ലഭിച്ചതിനുശേഷം മന്ത്രിസഭയുടെ അനുമതിയോടുകൂടി ഇപ്പോൾ കണ്ടെത്തിയിട്ടുള്ള സ്ഥലത്തുതന്നെ എയർസ്ട്രിപ്പ് നിർമ്മിക്കുന്നതിനുള്ള നടപടി സംബന്ധിച്ച് തീരുമാനം അതിവേഗം കൈക്കൊള്ളുന്നതാണ്. ബഹുമാനപ്പെട്ട അംഗം ശ്രീ. കുഞ്ഞിരാമൻ പറഞ്ഞതുപോലെ കൂടേ നടപടികൾ അവിടെ മുന്നേറിക്കഴിഞ്ഞിട്ടുണ്ട്. അന്താരാഷ്ട്ര നിലവാരമുള്ള ആസൂത്രിതമായ ഒരു ടൂറിസം സെന്ററായി ബേക്കൽ വികസിപ്പിച്ചെടുക്കണമെങ്കിൽ ഒരു എയർസ്ട്രിപ്പ് അത്യന്താപേക്ഷിതമാണ് എന്നതുകൊണ്ട് ഇത് സ്ഥാപിക്കുവാൻ ആവശ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിക്കുന്നതായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly